# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1672 18.06.2012- ൽ മറുപടിക്ക്**

## മഞ്ചേശ്വരം മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | മുൻ സർക്കാർ മഞ്ചേശ്വരത്ത് ആരംഭിച്ച മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തനക്ഷമമാണോ; | (എ) | അല്ല. |
| (ബി) | തുടക്കത്തിൽ ഏതൊക്കെ പരിശീലന ക്ലാസുകളാണ് ഇവിടെ നടത്തിയിരുന്നത്; | (ബി) | നാല് ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് ക്ലാസുകളാണ് ഇവിടെ നടത്തി വന്നിരുന്നത്. |
| (സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചേശ്വരത്തു നിന്നും മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 07.07.2011-ൽ കൂടിയ മാരിടൈം സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് അവിടെ നിന്ന് മാറ്റി സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.<br><br>ഇക്കാര്യത്തിൽ 25.01.2012-ൽ തുറമുഖ വകുപ്പ് മന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും, പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മീഞ്ച |

ഗ്രാമപഞ്ചായത്തിൽ ജല ലഭ്യതയും മറ്റ് ഭൗതിക സാഹചര്യങ്ങളുമുള്ള അനുയോജ്യമായ ഒരു സ്ഥലത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാനും നിർദ്ദേശം സമർപ്പിക്കുവാനും തുറമുഖ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്ഥാപനം മാറ്റാനുള്ള തീരുമാനം എടുക്കാനുള്ള കാരണം വിശദമാക്കാമോ; | (ഡി) | പ്രസ്തുത സ്ഥാപനത്തിൽ ഒരു ബാച്ചിന്റെ പരിശീലനത്തിന് ഏകദേശം 40,000/- രൂപ നഷ്ടം സഹിക്കേണ്ടി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 32 ബാച്ചുകളിലായി 2964 പേർക്ക് നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നൽകിയപ്പോൾ മീഞ്ച കാമ്പസിൽ 240 പേർക്കു മാത്രമേ പരിശീലനം നർകുവാൻ കഴിഞ്ഞുള്ളൂ. കാസറഗോഡ് ജില്ലയിൽ നിന്നുള്ള അപേക്ഷകരുടെ എണ്ണം വളരെ കുറവാണ്. മീഞ്ചയിൽ നിന്നും 20 കി.മി മാത്രം ദൂരത്തുള്ള മംഗലാപുരത്ത് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരത്തോടുള്ള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നതുകൊണ്ടും, മലയാളമറിയാവുന്ന കഴിവുള്ള പരിശീലകരെ കാസർഗോഡ് ലഭിക്കാത്തതുകൊണ്ടും ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന് അനുയോജ്യമല്ലാത്തതുകൊണ്ടും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് അവിടെ നിന്ന് മാറ്റി സ്ഥാപിക്കുവാൻ ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി. |
| (ഇ) | സംസ്ഥാനത്ത് മറ്റെവിടെയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഉള്ളത്; | (ഇ) | കൊല്ലം ജില്ലയിലെ നീണ്ടകരയിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ഉപകേന്ദ്രം തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലും പ്രവർത്തിക്കുന്നുണ്ട്. |
| (എഫ്) | പ്രസ്തുത സ്ഥാപനത്തിന് എത്ര ഏക്കർ സ്ഥലമാണ് അനുവദിച്ചിട്ടുളളത്? | (എഫ്) | മീഞ്ച മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി അനുവദിച്ചു നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ